(ii) ആസൂത്രണം, പദ്ധതി മേഖലാവിഭജനം, സബ്സിഡി നിരക്കുകൾ, വിതരണം ചെയ്യാൻ പാടില്ലാത്ത വ്യക്തിഗത ആസ്തികൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വീകരിക്കാവുന്ന പ്രാദേശിക നിരക്കുകൾ എന്നിവയെക്കുറിച്ചെല്ലാം വിശദമായ മാർഗ്ഗരേഖ പ്രസ്തുത ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്.

(iii) പദ്ധതികളും പ്രോജക്ടുകളും പരിശോധിച്ച് സാങ്കേതിക അനുവാദം നൽകുന്നതിനുള്ള വിവിധതല വിദഗ്ദ്ധസമിതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും പരിശോധിച്ച് അംഗീകാരം നൽകുന്നതിന് നടപടിക്രമങ്ങൾ ഗവൺമെന്റ് ഉത്തരവായി 15/6/1999 ന് പുറപ്പെടുവിച്ചുകഴിഞ്ഞു.

6 (6) പ്ലാനിംഗ് ബോർഡിന്റെ പുനഃസംഘടന

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദഗ്ദ്ധരായ പ്ലാനിംഗ് ബോർഡ് അംഗങ്ങളുടെ കുറവും ഉള്ളവർതന്നെ പാർട്ടൈം ആണെന്നതും പുനഃസംഘടന അനിവാര്യമാക്കിത്തീർക്കുന്നു എന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിയോട് കൂറുള്ള അംഗങ്ങളെമാത്രം പ്ലാനിംഗ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ജനകീയാസൂത്രണ പദ്ധതികളെക്കുറിച്ച് ഇത്രയേറെ ആരോപണങ്ങൾക്ക് കാരണമായതെന്ന് കരുതുന്നുണ്ടോ;

(ഡി) ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായി പ്ലാനിംഗ് ബോർഡിനെ നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പ്ലാനിംഗ് ബോർഡിലെ ഏതെങ്കിലും ഫുൾടൈം അംഗത്തെ മുൻകാല പ്രാബല്യത്തിൽ പാർട്ട്ടൈം ആക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിൽ ഇപ്പോഴുള്ള അംഗങ്ങൾ വിദഗ്ദ്ധരല്ല എന്നും ഉള്ളവർ പാർട്ട് ടൈം അംഗങ്ങളായതിനാൽ പുനഃസംഘടന അനിവാര്യമാണെന്നും ഗവൺമെന്റിന് അഭിപ്രായമില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. 30.7.1996-ലെ (എം.എസ്.) 10/96/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവുപ്രകാരം ജനകീയാസൂത്രണത്തിന്റെ നടത്തിപ്പു ചുമതല സംസ്ഥാന ആസൂത്രണ ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല. ഫുൾടൈം അംഗമായിരുന്ന ഡോ. ടി.എം. തോമസ് ഐസക്കിനെ 31.10.1998 മുതലാണ് പാർട്ട്ടൈം അംഗമാക്കിയത്. അതുസംബന്ധിച്ച സർക്കാർ ഉത്തരവ് 30.10.1998 ൽ തന്നെ (ആർ.റ്റി.) 33/98/പ്ലാനിംഗ് നമ്പർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly